## പതിമൂന്നാം കേരള നിയമസഭ
### നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 926** **20/03/2012 ൽ മറുപടിക്ക്**

## എസ്.എസ്.എ. ഫണ്ട് വിനിയോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ : | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സർക്കാർ സ്കൂളുകളിൽ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; | എ) | സർക്കാർ സ്കൂളുകളിൽ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.<br>1. അഡീഷണൽ ക്ലാസ്മുറി നിർമ്മാണം.<br>2. പ്രധാന അറ്റകുറ്റ പണികൾ<br>3. പെൺ കുട്ടികളുടെ ടോയ്‌ലറ്റ് നിർമ്മാണം<br>4. ക്ലാസ് മുറികളിൽ ഇടഭിത്തി നിർമ്മാണം.<br>5. ചുറ്റു മതിൽ നിർമ്മാണം.<br>6. കുടിവെള്ള സൗകര്യം<br>7. എട്ടാം ക്ലാസുവരെയുള്ള കുട്ടികൾക്ക് ഫർണിച്ചർ സൗകര്യം വർദ്ധിപ്പിക്കൽ<br>8. വൈദ്യുതീകരണം<br>9. ശിശുസൗഹൃദ ക്ലാസ്മുറി നിർമ്മാണം<br>10. പ്രധാന അദ്ധ്യാപകർക്ക് ആവശ്യമായ മുറികളുടെ നിർമ്മാണം.<br>11. പൊതു കക്കൂസ് നിർമ്മാണം. |
| ബി) | അതിനായി ഏതെല്ലാം ഫണ്ടുകളാണ് ഉപയോഗിക്കുന്നത്; ഏതെല്ലാം സംവിധാനങ്ങൾവഴിയാണ് പ്രസ്തുത ഫണ്ട് ചെലവഴിക്കുന്നത്; | ബി) | എസ്.എസ്.എ. ബജറ്റിൽ അനുവദിക്കുന്ന ഫണ്ടുകൾ ഉപയോഗിക്കുന്നു. അധിക ക്ലാസ്മുറി തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിലും അടിസ്ഥാന സൗകര്യവികസനം എസ്.എസ്.എ യുടെ മേൽനോട്ടത്തിലും സ്കൂൾ കമ്മിറ്റി മുഖേന ഫണ്ട് ചെലവഴിച്ച് നടപ്പിലാക്കുന്നു. |
| സി) | 2010-11 അദ്ധ്യയനവർഷത്തിൽ എത്ര രൂപയാണ് സംസ്ഥാനത്ത് സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്കായി അനുവദിച്ചത്; അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | സി) | അനുവദിച്ച തുക 432.18 കോടി രൂപ, ചെലവഴിച്ച തുക 251.26 കോടി രൂപ |

(......2)

| | | | |
|---|---|---|---|
| ഡി) | 2011-12 അദ്ധ്യയനവർഷത്തിൽ എത്ര രൂപയുടെ എസ്.എസ്.എ. ഫണ്ട് അനുവദിച്ചു; അതിൽ എത്ര തുക ചെലവഴിച്ചു; | ഡി) | അനുവദിച്ച തുക 476.36 കോടി രൂപ, ചെലവഴിച്ച തുക 200.47 കോടി രൂപ (29.02.2012 വരെ) |
| ഇ) | ചെലവഴിക്കാത്ത സംഖ്യ ഉണ്ടോ; എങ്കിൽ എത്ര; ചെലവഴിക്കാത്തതിനുള്ള കാരണം വിശദീകരിക്കുമോ; | ഇ) | 2011-12 സാമ്പത്തികവർഷം അവസാനിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാത്ത സംഖ്യയുടെ കൃത്യമായ കണക്ക് ലഭ്യമല്ല |
| എഫ്) | എസ്.എസ്.എ. ഫണ്ട് വിനിയോഗം സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | എഫ്) | കേന്ദ്രസർക്കാർ 65% സംസ്ഥാന സർക്കാർ/ തദ്ദേശ സ്വയംഭരണ സ്ഥാപനം 35% എന്ന മാനദണ്ഡത്തിൽ ഫണ്ട് അനുവദിക്കുന്നു. ഓരോ ഇടപെടൽ മേഖലയനുസരിച്ചും ഫണ്ട് ചെലവഴിക്കുന്നതിന് പ്രത്യേകം പ്രത്യേകം മാനദണ്ഡങ്ങൾ നൽകിയിട്ടുണ്ട് |
| ജി) | പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി ഫണ്ട് ചെലവഴിക്കുന്നതിന് ആവശ്യമായ മാനദണ്ഡം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | ജി) | പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായാണ് പദ്ധതി രൂപീകരിക്കുന്നത്. സ്കൂൾതലം, പഞ്ചായത്ത് തലം, ജില്ലാതലം, സംസ്ഥാന തലം എന്നീ ക്രമത്തിലാണ് പദ്ധതി തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ